**14-ാം കേരള നിയമ സഭ**

**11-ാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 301** **04-06-2018 -ൽ മറുപടിയ്ക്ക്**

**ഇടുക്കി മെഡിക്കൽ കോളേജ്**

| **ചോദ്യം**<br>**ശ്രീ.വി.പി.സജീന്ദ്രൻ** | **മറുപടി**<br>**ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
|---|---|
| (എ) യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഇടുക്കി മെഡിക്കൽ കോളേജിൽ 2019-20 അദ്ധ്യയന വർഷം എം.ബി.ബി.എസിന് പ്രവേശനം അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഇക്കാര്യത്തിനായി മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയെ സമീപിച്ചിട്ടുണ്ടോ; | (എ) ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിൽ 2019-20 അദ്ധ്യയന വർഷം എം.ബി.ബി.എസ്-ന് പ്രവേശനം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ആരോഗ്യ സർവ്വകലാശാലയിൽ നിന്നും 'Consent of Affiliation Certificate' ലഭിച്ചിട്ടുണ്ട്. ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) പ്രസ്തുത മെഡിക്കൽ കോളേജിന് ആവശ്യമായ അദ്ധ്യാപക -അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; | (ബി) 97 അദ്ധ്യാപക തസ്തികയും 52 അനധ്യാപക തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ 82 തസ്തികകൾ ഔട്ട്സോഴ്സിംഗ് മുഖേന നികത്തുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. |
| (സി) മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള ആശുപത്രിയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; | (സി) ഇടുക്കി മെഡിക്കൽ കോളേജ് ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 60,17,61,593/- രൂപയുടെ ടെന്റർ അംഗീകരിച്ച് ഉത്തരവാകുകയും ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ 30% ത്തിൽ അധികം ജോലികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ആശുപത്രി കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷൻ പ്രവർത്തികൾക്കായും മെക്കാനിക്കൽ പ്രവർത്തികൾക്കായും |

(..........2)

യഥാക്രമം 18,56,24,000/- രൂപയുടെയും 13,06,77,000/- രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവർത്തികൾ ഉടൻ തന്നെ ആരംഭിക്കുന്നതാണ്.

| | |
|---|---|
| (ഡി) ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള 40 ഏക്കർ സ്ഥലം മെഡിക്കൽ കോളേജിന് കൈമാറുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ? | (ഡി) സ്ഥലം കൈമാറ്റികിട്ടുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |

**സെക്ഷൻ ഓഫീസർ**